കേരള സർക്കാർ

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ്—കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷന് (KSUM) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി. അനുബന്ധ സ്റ്റാർട്ടപ്പുകൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ ഐ.ടി. ഇതര സ്റ്റാർട്ടപ്പ് മേഖലകളിലേക്ക് കൂടി അനുവദിച്ചുകൊണ്ടും ടി സംരംഭകരിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ മുഖാന്തിരമുള്ള വാങ്ങലുകൾക്ക് നിശ്ചയിച്ചിട്ടുള്ള ധനപരിധി വർദ്ധിപ്പിച്ചുകൊണ്ടും സ്റ്റാർട്ടപ്പുകൾക്ക് ലിമിറ്റഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ധനപരിധി ഉയർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

സ്റ്റോർസ് പർച്ചേസ് (എ) വകുപ്പ്

സ. ഉ. (കൈ.) നമ്പർ 2/2022/എസ്.പി.ഡി. *തിരുവനന്തപുരം, 2022 ജൂലൈ 5.*

---

<u>പരാമർശം:</u>— 1. സ. ഉ. (സാധാ.) നമ്പർ 2/2017/എസ്.പി.ഡി. തീയതി 16-1-2017.

2. സ. ഉ. (കൈ.) നമ്പർ 19/2017/വി.സ.വ. തീയതി 16-1-2017.

3. സ. ഉ. (സാധാ.) നമ്പർ 36/2018/എസ്.പി.ഡി. തീയതി 17-9-2018.

4. സ. ഉ. (കൈ.) നമ്പർ 35/2018/വി.സ.വ. തീയതി 18-12-2018.

5. കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 28-6-2021-ലെ KSUM/252/2021-ാം നമ്പർ കത്ത്.

GCPT. 3/1497/2022/S-16.

# ഉത്തരവ്

കേരള സ്റ്റാർട്ടപ്പ് മിഷനിൽ (KSUM) രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് 5 ലക്ഷം രൂപ വരെ വിലയുള്ള മൊബൈൽ ആപ്പുകൾ, സർക്കാർ വകുപ്പുകൾ/ഏജൻസികൾക്ക് നേരിട്ട് വാങ്ങാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇലക്ട്രോണിക്സും വിവര സാങ്കേതികവും വകുപ്പിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ മുതലായ സ്ഥാപനങ്ങൾ സ്റ്റാർട്ടപ്പുകളിൽ നിന്ന് മൊബൈൽ ആപ്പുകൾ വാങ്ങുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷന് (KSUM) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളിൽ നിന്ന് നേരിട്ടുള്ള വാങ്ങലുകൾക്കായി നിശ്ചയിച്ചിരുന്ന ധനപരിധി പരാമർശം (3)-ലെ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി ഉയർത്തി നിശ്ചയിച്ചിരുന്നു. ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പിന്റെ പരാമർശം (4)-ലെ ഉത്തരവ് പ്രകാരം, ലിമിറ്റഡ് ടെണ്ടർ മുഖാന്തിരം 20 ലക്ഷം രൂപ മുതൽ 100 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള ഐ.ടി. പ്രോജക്ടുകളുടെ രൂപകൽപ്പന, വികസനം, നടപ്പാക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ്പുകളെ തെരഞ്ഞെടുക്കാൻ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഐ.ടി. അനുബന്ധ സ്റ്റാർട്ടപ്പുകൾക്ക് നിലവിൽ ലഭ്യമായ ആനുകൂല്യങ്ങൾ എല്ലാത്തരം സ്റ്റാർട്ടപ്പ് ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ലഭ്യമാക്കണമെന്നും സ്റ്റേറ്റ് യുണീക്ക് ഐ.ഡി.-യുള്ള സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്കുള്ള ധനപരിധി 20 ലക്ഷം രൂപയിൽനിന്ന് 50 ലക്ഷം രൂപയായി ഉയർത്തണമെന്നും വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾക്ക്, സ്റ്റാർട്ടപ്പുകളിൽ നിന്ന് ലിമിറ്റഡ് ടെണ്ടർ മുഖേനയുള്ള വാങ്ങലുകൾക്ക്

നിശ്ചയിച്ചിട്ടുള്ള ധനപരിധി 100 ലക്ഷം രൂപയിൽ നിന്ന് 300 ലക്ഷം രൂപയായി ഉയർത്തണമെന്നും കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ. പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റാർട്ടപ്പുകളുടെ ഐ.ടി. അനുബന്ധ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും നൽകി വരുന്ന ആനുകൂല്യങ്ങൾ, ഐ.ടി. ഇതര മേഖലകൾക്ക് കൂടി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കായി സ്റ്റോർസ് പർച്ചേസ് വകുപ്പും, ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പും സംയുക്തമായി വ്യവസ്ഥകളും, മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കേണ്ടതാണെന്നും, ഇപ്രകാരം സ്റ്റാർട്ടപ്പുകൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ കാലാവധി സ്റ്റാർട്ടപ്പ് രജിസ്ട്രേഷൻ തീയതി മുതൽ മൂന്ന് വർഷമോ അല്ലെങ്കിൽ ടി ഉൽപ്പന്നത്തിന് കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷൻ അംഗീകാരം നൽകിയ തീയതി മുതൽ മൂന്ന് വർഷമോ, ഇവയിൽ ഏതാണോ ഒടുവിൽ വരുന്നത് ആയതായി നിശ്ചയിച്ചു കൊണ്ടും ഉത്തരവാകുന്നു. ഇതോടൊപ്പം സ്റ്റേറ്റ് യുണീക്ക് ഐ.ഡി.യുള്ള സ്റ്റാർട്ടപ്പുകളിൽ നിന്നുള്ള എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾക്കുള്ള ധനപരിധി 20 ലക്ഷം രൂപയിൽ നിന്ന് 50 ലക്ഷം രൂപയായി ഉയർത്തിക്കൊണ്ടും, വിവിധ മേഖലകളിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ലിമിറ്റഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള പരിധി 100 ലക്ഷം രൂപയിൽ നിന്ന് 300 ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

രാജേഷ് കുമാർ സിംഗ്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/ സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, യൂണിവേഴ്സിറ്റികൾക്കും സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ.

പൊതുഭരണ (എസ്.സി.) വകുപ്പിന്.

വെബ് & ന്യൂ മീഡിയയ്ക്ക് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഡയറക്ടർ, സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്, എസ്.എം.എസ്. ഇൻസ്റ്റിറ്റ്യൂട്ടിനു പുറകുവശം, സ്റ്റാച്ച്യു, തിരുവനന്തപുരം. (സ്റ്റോർസ് പർച്ചേസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.-ന്

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---